# ഏഴാം സമ്മേളനം

## (2017 ആഗസ്റ്റ് 07 മുതൽ ആഗസ്റ്റ് 24 വരെ)

### (1) ഗവർണ്ണറുടെ മുൻകൂർ അനുമതി വാങ്ങണമെന്നത് സംബന്ധിച്ച്

2017 ആഗസ്റ്റ് മാസം 08-ാം തീയതി 2017-ലെ കേരള ചരക്ക് സേവന നികുതി ബില്ലിന്റെ അവതരണ വേളയിൽ, ഭരണഘടനയുടെ ആർട്ടിക്കിൾ 207(1) അനുസരിച്ച് അധിക ചെലവുകൾക്ക് ഗവർണ്ണറുടെ അനുമതി വാങ്ങിയിട്ടില്ലാത്തതിനാൽ ബിൽ അവതരിപ്പിക്കുന്നത് ഓർഡറിലല്ലെന്നും ചട്ടം 73 അനുസരിച്ച് പുതിയ ധനകാര്യ മെമ്മോറാണ്ടം ഫയൽ ചെയ്യാൻ സ്പീക്കർ റൂളിംഗ് നൽകണമെന്നും ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടു.

നിലവിലുള്ള ഉദ്യോഗസ്ഥരെ പുനർവിന്യസിപ്പിക്കുന്നതല്ലാതെ പുതിയ നിയമനങ്ങളൊന്നും നടത്താൻ ഉദ്ദേശിക്കാത്തതുകൊണ്ട് അധിക ചെലവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാത്തതിനാലാണ് ഗവർണ്ണറിൽനിന്നും അനുച്ഛേദം 207(1) പ്രകാരമുള്ള അനുമതി വാങ്ങാത്തതെന്നും അതേസമയം മണി ബിൽ എന്ന നിലയിൽ ഇതിന് ഗവർണ്ണറുടെ അനുമതി ലഭിച്ചിട്ടുണ്ടെന്നും ധനകാര്യവും കയറും വകുപ്പുമന്ത്രി വിശദീകരണം നൽകി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി.*

“ 2017-ലെ കേരള ചരക്ക് സേവന നികുതി ബിൽ സംബന്ധിച്ച് ഇന്ത്യൻ

---

* XIV KLA VII Session Vol. No. 168/No. 2 dated 08.08.2017

ഭരണഘടനയുടെ അനുച്ഛേദം 207 (1) പ്രകാരമുള്ള ഗവർണ്ണറുടെ അനുമതി ലഭിച്ച വിവരം അംഗങ്ങളെ അറിയിച്ചിട്ടുള്ളതാണ്. ഈ ബിൽ നിയമമായാൽ സഞ്ചിതനിധിയിൽനിന്നും അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നതല്ലെന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ആയത് ക്രമപ്രകാരമാണെന്ന് കാണുന്നു. തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല."